ഗ്രാമീൺ കൃഷി മൗസം സേവാ

കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, തൃശ്ശൂർജില്ല

പ്രവചന കാലയളവ് 09.2.2022 മുതൽ 13.2.2022 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ.എ.എസ് ബുള്ളറ്റിൻ നമ്പർ 06/2021, (11) ചൊവ്വാഴ്ച്ച | തീയ്യതി: 08/2/2022 |
|---|---|

**1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:**

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകര ണം (മി.മി) |
|---|---|---|---|---|---|---|---|
| (0.0) | (33.1-36.2) | (19.5-23.9) | (88-97) | (34-52) | (2.4-3.9) | (6.5-10.0) | (3.4-4.5) |

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 09.2.2022 | 10.2.2022 | 11.2.2022 | 12.2.2022 | 13.2.2022 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 21 | 21 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 57 | 57 | 57 | 57 | 57 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 8 | 8 | 8 | 8 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 270 | 250 | 140 |
| മേഘവ്യാപ്തി (ഒക്ട) | 4 | 3 | 5 | 5 | 2 |

കാലാവസ്ഥാ അറിയിപ്പ്: **വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്.** കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

**അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 ഫെബ്രുവരി 09 | 2022 ഫെബ്രുവരി 10 | 2022 ഫെബ്രുവരി 11 | 2022 ഫെബ്രുവരി 12 | 2022 ഫെബ്രുവരി 13 |
|---|---|---|---|---|
| മഴ ഇല്ല | | | | |

**3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

**പൊതുനിർദ്ദേശങ്ങൾ:വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കാറ്റിന് വേഗത കൂടാൻ സാധ്യതയുള്ളതിനാൽ വാഴക്ക് താങ്ങു കാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക.**

| വിളകൾ | രോഗ കീടങ്ങൾ | | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|---|
| **നെല്ല് പുഞ്ച** (ചിനപ്പുപൊട്ടുന്ന പരുവം) | ബാക്ടീരിയൽ ഇല കരിച്ചൽ |  | നെല്ലിനെ ബാധിക്കുന്ന ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിലിന് പ്രതിവിധിയായി ഒരു ഏക്കർ പാടശേഖരത്തിന് 100 ഗ്രാം വീതമുള്ള 20 കിഴികളിലായി ബ്ലീച്ചിങ്ങ് പൗഡർ പല സ്ഥലത്തായി ഇട്ടുകൊടുക്കാവുന്നതാണ്.ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തതിന്റെ കൂടെ 20 ഗ്രാം സ്യൂഡോമോണാസ് ഒരുലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിക്കാവുന്നതാണ്. ആക്രമണം രൂക്ഷമാണെങ്കിൽ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ മുപ്പത് ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്. |
| വാഴ, തെങ്ങ് | ജലസേചനം |  | വരണ്ട അന്തരീക്ഷ സ്ഥിതി തുടരുന്നതിനാൽ വാഴ, തെങ്ങ് എന്നിവയ്ക്ക് ജലസേചനം നൽകുക. ഒരു തെങ്ങിന് 40 മുതൽ 50 ലിറ്റർ വരെയും, വാഴയ്ക്ക് 40 ലിറ്റർ എന്ന തോതിലും വെള്ളം നൽകുക. മണ്ണിൽ ഈർപ്പം നിലനിർത്തുക. |
| വെള്ളരി വർഗ്ഗ പച്ചക്കറികൾ | മൊസൈക് രോഗം |  | വെള്ളരി വർഗ്ഗ പച്ചക്കറികളിൽ മൊസൈക് രോഗം കാണാൻ സാധ്യതയുണ്ട്. രോഗം ബാധിച്ച ചെടികളെ പറിച്ചു നീക്കം ചെയ്യുക. പ്രതിവിധിയായി 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൾഷൻ തളിക്കുക. |
| മൃഗസംരക്ഷണം | അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് പശുക്കൾക്ക് സാംക്രമിക രോഗങ്ങൾക്ക് എതിരെയുള്ള കുത്തിവെയ്പുകൾ നൽകുക. കാലിതീറ്റയിൽ പൂപ്പൽ വിഷബാധയേൽക്കാതെ സൂക്ഷിക്കുക. (CAADECCS, KVASU,മണ്ണുത്തി) | | |